"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആയുഷ് വകുപ്പ് -ഹോംകോയിൽ താല്ക്കാലികമായി 2 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ നിയമിക്കുന്നതിന്- അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (ബി) വകുപ്പ്**

സ.ഉ.(കൈ) നം.9/2025/AYUSH തീയതി,തിരുവനന്തപുരം, 30-05-2025

---

പരാമർശം:- 1. ഹോംകോ മാനേജിംഗ് ഡയറക്ടറുടെ 12.09.2024 ലെ 491/ഭരണം /2024/ഹോംകോ നമ്പർ കത്ത്

**ഉത്തരവ്**

22.06.2024 ൽ കൂടിയ ഹോംകോഭരണ സമിതിയുടെ തീരുമാനം നം. 36 പ്രകാരം, ഇ ആർ പി സോഫ്റ്റ്‌വെയറിന്റെ വിജയകരമായ പ്രവർത്തനത്തിന്, താല്ക്കാലികമായി ജീവനക്കാർ അത്യന്താപേക്ഷിതമാകയാലും ഉത്പാദനത്തിന്റെ തോത് വർധിച്ച സാഹചര്യത്തിലും 5 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ ദിവസവേതനത്തിൽ നിയമിക്കുന്നതിനുള്ള ഉത്തരവുകൾ പുറപ്പെടുവിക്കണമെന്ന് പരാമർശകത്ത് പ്രകാരം ഹോംകോ മാനേജിങ് ഡയറക്ടർ അഭ്യർഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അധികസാമ്പത്തികബാധ്യത സർക്കാർ വഹിക്കില്ലെന്ന വ്യവസ്ഥയിൽ ,ഹോംകോയിൽ ERP Software പ്രാബല്യത്തിൽ കൊണ്ട് വരുന്നതിന്റെ ആവശ്യത്തിലേക്കായി താല്ക്കാലികമായി തസ്തിക സൃഷ്ടിച്ച് 2 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് ഹോംകോ മാനേജിങ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ഹോമിയോപ്പതി ഡയറക്ടർ ,തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ ,ഹോംകോ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ എ&ഇ /ആഡിറ്റ്
ധനകാര്യവകുപ്പ് (3011972/HLT-B1/2/2025-FIN )

പൊതുഭരണ (എസ്.സി) വകുപ്പ് (28/5/2025 ലെ ഇനം നമ്പർ 2977 പ്രകാരം)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Namitha T
Date: 31-05-2025 14:05:40

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ
# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 28-05-2025

ഫയൽ നം. ബി3/194/2024/ആയുഷ്. ഇനം നം: 2977

വിഷയം : ആയുഷ് വകുപ്പ് - ഹോംകോയിൽ ഇ.ആർ.പി. സോഫ്റ്റ്‌വെയർ പ്രാബല്യത്തിൽ കൊണ്ടുവരുന്നതിന് 2 താൽക്കാലിക ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തിക സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആയുഷ് വകുപ്പ്.

Issue order

2977

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | ബി3/194/2024/ആയുഷ് |
| 2. | വകുപ്പ് | : | ആയുഷ് (ബി) വകുപ്പ് |
| 3. | വിഷയം | : | ഹോംകോയിൽ ഇ.ആർ.പി സോഫ്റ്റ്‌വെയർ പ്രാബല്യത്തിൽ കൊണ്ടുവരുന്നതിന് 2 താല്ക്കാലിക ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തിക സൃഷ്ടിക്കുന്നത് -സംബന്ധിച്ച് |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 18/04/2025 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യത ഉള്ളതാണോ? | : | അതെ. |
| | (ii) സാമ്പത്തിക ബാദ്ധ്യത ഉള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി. സീമ എസ്. |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.രാജൻ നാംദേവ് ഖൊബ്രഗഡേ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 05.05.2025 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ.ജയതിലക് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 20.05.2025 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീമതി. വീണാ ജോർജ്ജ് |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 21.05.2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 22.05.2025 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

1. ഹോംകോയിൽ ERP Software പ്രാബല്യത്തിൽ കൊണ്ട് വരുന്നതിന്റെ ആവശ്യത്തിലേക്കായി ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ 2 താല്ക്കാലിക തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്

2. 22.06.2024 ൽ കൂടിയ ഹോംകോഭരണ സമിതിയുടെ തീരുമാനം നം. 36 പ്രകാരം, താല്ക്കാലികമായി 5 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ ഇ ആർ പി സോഫ്റ്റ്‌വെയറിന്റെ വിജയകരമായ പ്രവർത്തനത്തിന്, ജീവനക്കാർ അത്യന്താപേക്ഷിതമാകയാലും ഉത്പാദനത്തിന്റെ തോത് വർധിച്ച സാഹചര്യത്തിലും ദിവസവേതനത്തിൽ നിയമിക്കുന്നതിനുള്ള ഉത്തരവുകൾ പുറപ്പെടുവിക്കണമെന്ന് ഹോംകോ മാനേജിങ് ഡയറക്ടർ അപേക്ഷിച്ചിരുന്നു. പ്രസ്തുത നിയമനം സംബന്ധിച്ച് ധനകാര്യ വകുപ്പിന് ഫയൽ നൽകിയപ്പോൾ ടി വകുപ്പ് ഇപ്രകാരം അഭിപ്രായം രേഖപ്പെടുത്തി നൽകി.

> നിലവിൽ ERP സിസ്റ്റം ഏർപ്പെടുത്തുന്നതിനുള്ള സജ്ജീകരണങ്ങൾ ഹോംകൊയിൽ പുരോഗമിക്കുന്നതിനാലും ഇആർപി സോഫ്റ്റ്‌വെയറിന്റെ വിജയകരമായ പ്രവർത്തനത്തിന് ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ സേവനം അത്യന്താപേക്ഷിതമാകയാലും ഉത്പാദനത്തിന്റെ തോത് വർധിച്ച സാഹചര്യത്തിലും അഞ്ച് ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ താൽക്കാലിക അടിസ്ഥാനത്തിൽ നിയമിക്കണമെന്നുള്ള HOMCOയുടെ അഭ്യർത്ഥന പരിഗണിച്ച്, അധിക സാമ്പത്തിക ബാദ്ധ്യത സർക്കാർ വഹിക്കില്ലെന്ന വ്യവസ്ഥയിൽ, 2 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ താൽക്കാലിക അടിസ്ഥാനത്തിൽ ദിവസവേതനത്തിൽ ഹോംകോയിൽ നിയമിക്കുന്നതിന് അനുമതി നൽകാവുന്നതാണെന്നും ഭരണവകുപ്പിനെ അറിയിക്കുന്നു.
>
> ഇതിന് ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്.

3) ടി വകുപ്പ് ലഭ്യമാക്കിയ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ , 2 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ താത്കാലികമായി ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് ഉത്തരവാകാവുന്നതാണോ, പ്രസ്തുത വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതുണ്ടോ എന്നതിന്മേൽ ഉത്തരവിനായി ഫയൽ ബഹു ആയുഷ് വകുപ്പ് മന്ത്രി മുഖേന ബഹു മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ ഫയൽ മന്ത്രിസഭയുടെ പരിഗണയ്ക്ക് സമർപ്പിക്കാൻ ഉത്തരവായി

തീരുമാനിക്കേണ്ട വിഷയം

ഹോംകോയിൽ ERP Software പ്രാബല്യത്തിൽ കൊണ്ട് വരുന്നതിന്റെ ആവശ്യത്തിലേക്കായി താല്ക്കാലികമായി തസ്തിക സൃഷ്ടിച്ച് 2 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകാമോ?